മിച്ചഭൂമി ഏറ്റെടുക്കലിൽ ഉണ്ടായിട്ടുള്ള പുരോഗതി

104 (5287) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര മിച്ചഭൂമിയാണ് സംസ്ഥാനത്ത് ഇനി ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മിച്ചഭൂമി വിലയ്ക്ക് വാങ്ങിയവർക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി എത്രയാണ് ;

(സി) ഇത് ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഭൂപരിഷ്ക്കരണ നിയമത്തിലെ ഭൂപരിധി മറികടക്കാൻ വയനാട്ടിലെ കോടിക്കണക്കിനു രൂപയുടെ വിള ഉൽപ്പാദനമുള്ള തോട്ടങ്ങൾ ട്രസ്റ്റുകളുടെ കീഴിലാക്കിയും തോട്ടമായി രജിസ്റ്റർ ചെയ്തും കൈവശം വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10585.24.25 ഏക്കർ ഭൂമിയാണ് ഇനി ഏറ്റെടുക്കാനുള്ളത്.

(ബി) മിച്ചഭൂമി വാങ്ങിയവർക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിഷ്ക്കർഷിക്കുന്ന പ്രത്യേക വ്യവസ്ഥകൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ 2006-ലെ 21-ാം നമ്പർ ആക്ട് പ്രകാരം കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 7 ഇ വകുപ്പ് പ്രകാരം 63-ലെ കേരള ഭൂപരിഷ്ക്കരണ ആക്ട് നിലവിൽ വന്ന തീയതിക്കും 2006-ലെ 21-ാം നമ്പർ ആക്ട് നിലവിൽ വന്ന തീയതിക്കുമിടയിൽ മിച്ചഭൂമിയാണെന്നറിയാതെ വില നൽകി വാങ്ങി 21-ാം നമ്പർ ആക്ട് നിലവിൽ വന്ന തീയതിക്ക് കൈവശം വച്ചിരിക്കുന്നതായ ആളിനെ 4 ഹെക്ടർ ഭൂമിക്കുവരെ `deemed tenant' ആയി കരുതുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(സി) 2006-ലെ 21-ാം നമ്പർ ഭേദഗതി നിയമപ്രകാരമുള്ള സെക്ഷൻ 7 ഇ വീണ്ടും ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

522/13

LIBRARY ARCHIVES Kerala Legislative Assembly